പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 320 | 04/06/2018 ൽ മറുപടി<br>നല്കേണ്ടത്. |

**കോന്നി താലൂക്ക് ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോന്നി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം നിലവിൽ ഏതവസ്ഥ യിലാണെന്ന് വ്യക്തമാക്കുമോ ; | എ) | കോന്നി താലൂക്ക് ആശുപത്രിയുടെ ആദ്യഘട്ടനിർമ്മാണപ്രവർത്തനത്തിനായി 14/08/09 ലെ സ.ഉ (സാധാ) 1184/2009/ പി.ഡബ്ള്യൂ.ഡി പ്രകാരം മാന്ദ്യവിരുദ്ധപാക്കേജിൽ 290 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ സെല്ലുലാർ- ലാബ്, ഫാർമസിഗോഡൗൺ, ഡെന്റൽ ക്ലിനിക്ക് NCD പീഡിയാട്രിക് ക്ലിനിക്ക് എന്നിവയും ആദ്യ നിലയിൽ ഒ.പി. കൗണ്ടർ, ഒ.പി. നിരീക്ഷണം, എക്സ്-റേ, ഓർത്തോ ഒ.പി ജനറൽ ഒ.പി, വിശ്രമമുറി എന്നിവയും ഉൾപ്പെടുന്നു. രണ്ടാംഘട്ട നിർമ്മാണപ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 318 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ്ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഡി.എച്ച്.എസ്സിൽ നിന്നും തിരുത്തൽ വരുത്തുന്നതിനായി ഡി.എം.ഒ.യിലേക്ക നൽകിയ പ്രപ്പോസൽ ന്യൂനത പരിഹരിച്ച് തിരികെ നൽകിയിട്ടുണ്ടോ; | ബി) & സി) | ഇല്ല. |
| സി) | എങ്കിൽ ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ; | | |

✓

| | | | |
|---|---|---|---|
| ഡി) | അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | ഡി) | പൊതുമരാമത്ത് വകുപ്പിന്റെ പുതുക്കിയ പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ആഫീസിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ